# പ്രസ്താവന

ഈ ലോകത്തെ നവീകരിച്ച, സ്വാതന്ത്ര്യത്തിലേക്കു നമ്മെ മോചിപ്പിച്ച, ഭൂതവർത്തമാനകാലങ്ങളുടെ നടുവഴിയിലൂടെ ഞാൻ നടന്നും കണ്ടതും കേട്ടതും, കടലാസ്സിലും മനസ്സിലും കുറിച്ചിട്ടു. അനുഭവങ്ങളുടെ വികാരവരികൾ. അപ്പോൾ, ആത്മാവിന്റെ ആഴങ്ങളിൽ നിന്നും അർത്ഥവത്തായ ചോദ്യങ്ങളും സംശയങ്ങളും പൊന്തിവന്നു.

ഏകത്വത്തിൽ നിന്നും ബഹുത്വത്തിലെത്തിയ ശാസ്ത്രം, മറഞ്ഞുകിടന്ന വസ്തുതകൾ കണ്ടെത്തി. അവ പുതിയ സിദ്ധാന്തങ്ങളെ ഉളവാക്കി. അന്ധകാരത്തിൽ തെളിനാളങ്ങളായി. നൂറ്റാണ്ടുകൾ പഴക്കമുള്ള അനാചാരങ്ങളെ ഭേദിച്ചു. അനിഷേദ്ധ്യദുരിതത്തിനും ഒരു കാരണമായി. സമൂഹമനസ്സിന് മോചനം ലഭിച്ചില്ല. വിശ്വാസികളിൽ വിഭാഗീയത ഉളവായി. അത്, ദൈവങ്ങളെയും ദേവീദേവന്മാരെയും സൃഷ്ടിച്ചു. വ്യാപകമായ അപായഭീതി പടർത്തി. മനുഷ്യചേതനയിൽ മൃഗീയത കലർന്നു. ഭീകരത ഉപകരണമായി. അധികാരികൾ ദൈവങ്ങളും രാജാക്കന്മാരും രാജ്ഞികളുമായി. അവരുടെ ഊമരൂപങ്ങൾ ആരാധനയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടു. പുതിയ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായി. വ്യാജ ദൈവങ്ങളെ പ്രസാദിപ്പിക്കുവാൻ രക്തവും മാംസവും ലൈംഗികതയും പൂജാവസ്തുക്കളായി. അടിമപ്പെണ്ണ്, ദാസി, വെപ്പാട്ടി, വേശ്യ, രാജ്ഞി, സ്ത്രീരത്നം, പുണ്യവതി എന്നീവിധം സ്ത്രീകളെ വിഭജിച്ചു. ക്രൂരമായ ആചാരങ്ങൾ നിലവിൽ വന്നു. കന്യക ഗർഭിണിയായാൽ കഠിനശിക്ഷ. ബലാൽസംഗം ചെയ്യപ്പെട്ടാലും, സ്ത്രീകളെ കുഴിയിൽ നിർത്തി കല്ലെറിഞ്ഞുകൊല്ലുമായിരുന്നു. ചോദ്യംചെയ്യപ്പെടാതെ പുരുഷമേധാവിത്വം കുറ്റം ആവർത്തിച്ചു. അനാചാരങ്ങൾ ക്രമേണ പുണ്യകർമ്മങ്ങളായി. മതസിദ്ധാന്തങ്ങളായി.

മതസമൂഹങ്ങൾ അവയുടെ ആത്മീയ നിർവ്വചനങ്ങൾക്ക് സമാന്തരത്വം നല്കി. ജാതികൾ വർദ്ധിച്ചു. പുണ്യവാന്മാരെയും പുണ്യവതികളെയും നാമകരണം ചെയ്തു സൃഷ്ടിച്ചു. മരിച്ചുമണ്ണായിത്തീർന്നവർ ഉദ്ദിഷ്ടകാര്യം സാധിക്കുമെന്ന വിശ്വാസം പടർത്തി. അതു ധനാഗമമാർഗ്ഗമായി. അങ്ങനെ, മനുഷ്യൻ ബഹുസ്വഭാവങ്ങളിലേക്ക് കർമ്മങ്ങളിലൂടെ ചിതറിപ്പോയി. അപ്പോഴും, ആകാശങ്ങൾക്കു മേലേ, അദൃശ്യതയുടെ ഗഹനതയിൽ, അനശ്വരനായ ദൈവം മറഞ്ഞുനിന്നു. ജാതിമതങ്ങളുടെ ജാഗ്രതയാൽ ആദർശങ്ങൾ അഴിഞ്ഞുവീണു. സമൂഹ്യ ജീവിതത്തിൽ വിഭാഗീയത സുപ്രധാന ഘടകമായി. ജനം ഭിന്നിച്ചു. ഏകോപനവും സമഭാവനയും അവർക്ക് വേണ്ടാ. അതുകൊണ്ട്, സാമൂഹ്യതലങ്ങളിൽ സന്മാർഗ്ഗരേഖകൾ മാഞ്ഞു. ആത്മീയസൗകുമാര്യം മങ്ങി. സ്വർഗ്ഗരാജ്യം പ്രാപിക്കുന്നതിനു ആത്മഹത്യയും കൊലപാതകവും വഴിപാടായി. ഒരു രാഷ്ട്രത്തിന്റെ താല്പര്യമനുസരിച്ചു മതവും മനസ്സും മാറണമെന്നു നിർദ്ദേശം. മരണാനന്തര ജീവിതം സംബന്ധിച്ചു കെട്ടുകഥ

കൾ. ജനജീവിതത്തെ പ്രകാശിപ്പിച്ച ആത്മീയ സംസ്കാരത്തിന്റെ ഊർജ്ജം കുറഞ്ഞു. രക്തബന്ധത്തിന്റെ മഹിമ മായുന്നു. രാഷ്ട്രീയ നേതാക്കളും സാഹിത്യകാരന്മാർപോലും ദൈവീക സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. ഇതു മനുഷ്യനെ എവിടേക്ക് നയിക്കും? ദൈവവിശ്വാസത്താൽ വീണ്ടെടുക്കുന്ന മതസംസ്കാരവും ചിന്താപദ്ധതികളും സാമുദായികശക്തി വർദ്ധിപ്പിക്കും. എന്നാൽ, സർവ്വ ജനങ്ങളെയും സഹോദരങ്ങളായി കരുതുന്ന ഒരു നിഷ്പക്ഷ പദ്ധതി ഉണ്ടാകുന്നില്ല. ഇത് പരിഹരിക്കേണ്ടതല്ലയോ?

പണ്ട് മുതലേ, ചായക്കൂട്ടുകളും പലവക വസ്തുക്കളും ഉപയോഗിച്ചു, ദൈവങ്ങളെയും ദേവീദേവന്മാരെയും കലാകാരന്മാർ സൃഷ്ടിക്കുന്നു. പ്രഭയും പുകഴ്ചയും നല്കി ആകർഷകമാക്കി അവയെ വില്ക്കുന്നു. അഭ്യസ്തവിദ്യരും വിദ്യാസമ്പന്നരും സാമാന്യജനതയും അതു വാങ്ങി വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നു. അതിനാൽ പ്രസ്തുത കലാസൃഷ്ടികൾ വ്യാവസായിക സാധനങ്ങളായിത്തീർന്നു. ഈ പരിതസ്ഥിതിയെ എങ്ങനെ കാണാം? ഇപ്പോൾ, മനുഷ്യസ്വഭാവം നൂതന പ്രവണതകളിലേക്ക് തിരിയുന്നു. സ്വകാര്യതാല്പര്യമനുസരിച്ചു, പുരുഷൻ സ്ത്രീയായും സ്ത്രീ പുരുഷനായും മാറുന്നു. ലിംഗവ്യത്യാസം വരുത്തുന്ന രീതി നടപ്പായി. ജന്മനാ ലഭിക്കുന്ന ശാരീരികമായ അപൂർണ്ണത ശസ്ത്രക്രിയയിലൂടെ പരിഹരിക്കുന്നു എന്നാണ് ന്യായീകരണം. പണ്ട്, മ്ലേച്ഛതയെന്നു കരുതപ്പെട്ട സ്വവർഗ്ഗസംസർഗ്ഗം ഇപ്പോൾ നിയമാനുസൃതമായി. സ്വവർഗ്ഗവിവാഹം അംഗീകരിക്കപ്പെട്ടു. ഒരു പുതിയ സമുദായം പ്രവർത്തനത്തിൽ വന്നു. ഈ പരിവർത്തനം നല്കുന്ന സന്ദേശം എന്താണ്? വ്യക്തിസ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തുകയാണോ? മറിച്ച്, ഒരിക്കൽ മാത്രം ലഭിക്കുന്ന ഭൗമിക ജീവിതത്തെ ആസ്വദിക്കുകയാണോ? നല്ല സംസ്കാരപാരമ്പര്യങ്ങളിൽ നിന്നും വിശ്വാസിസമൂഹം അനുദിനം അകലുന്നു. ഒരു സങ്കര സാമൂഹ്യഘടനയിലേക്ക് നീങ്ങുന്നു. സ്വന്തവും സ്വതന്ത്രവുമായ ആശയവഴികൾ സ്വീകരിക്കുന്നു. അവയിൽ വിശുദ്ധിയും സദാചാരവും ഇല്ല. ഇവയെ വികസനപുരോഗതിയായി കാണാമോ?

ഈ നേരത്ത്, ദൈവങ്ങളും മതവിഭാഗങ്ങളും വർദ്ധിച്ചു. ആചാരങ്ങളും വേദഗ്രന്ഥങ്ങളും പൂർവ്വാധികമായി. സംഘർഷം ആളിപ്പടരുന്നു. പുത്തൻ തലമുറ ഭീകരതയുടെ ഉല്പന്നവും മാരകായുധവുമാക്കി മാറ്റപ്പെടുന്നു. അപായ ഭീതി പകരുന്ന സങ്കീർണ്ണമായ മനുഷ്യാവസ്ഥ! ആത്മീയ സഹോദരങ്ങളെ വിജാതീയരായി കാണുന്ന വികൃതസംസ്കാരം. കാഴ്ചയയുള്ളവരെ അന്ധരാക്കുന്ന വിശ്വാസ പ്രമാണങ്ങൾ കാര്യസാദ്ധ്യതയ്ക്കുവേണ്ടി മതവും രാഷ്ട്രീയവും സംഗമിക്കുന്ന നാടകീയരംഗങ്ങൾ. മതേതരമായ മനുഷ്യസ്നേഹം മുരടിക്കുന്നു! ഇവയെ എങ്ങനെ പരിഹരിക്കാം?

അമേരിക്കയിലും കാനഡായിലും സുറിയാനി സഭ എങ്ങനെ ഉണ്ടായി? ആര് സ്ഥാപിച്ചു? ന്യൂയോർക്കിലും സ്റ്റാറ്റൻ ഐലൻഡിലും മലങ്കര സഭ എങ്ങനെ ഉണ്ടായി? ആര് സ്ഥാപിച്ചു? പലപ്പോഴും ഈ ചോദ്യങ്ങൾ ഉയർന്നു

വന്നു. അപ്പോൾ, സത്യസന്ധമായ ഉത്തരം ലഭിച്ചില്ല. പിന്നീട്, ഭദ്രാസനങ്ങളും പള്ളികളും സ്ഥാപിച്ചു എന്ന് അവകാശപ്പെട്ടുകൊണ്ട് ചില പ്രസ്താവനകളും പ്രസിദ്ധീകരണങ്ങളും പുറത്തുവന്നു. സത്യം അറിയാത്തവർ അതു സ്വീകരിച്ചു. മറ്റുള്ളവർ മൂകരായി. നോർത്തമേരിക്കയിലും പാശ്ചാത്യദേശത്തും സ്ഥാപിതമായ പ്രഥമ ദൈവാലയം ഞങ്ങളുടേതാണ് എന്ന അവകാശവാദവും മാദ്ധ്യമങ്ങളിൽ വന്നു. അപ്രകാരം, അമേരിക്കയിലെ ആത്മീയമണ്ഡലത്തിൽ കള്ളനാണയങ്ങൾ ഉരുണ്ടുവന്നു. ആത്മീയ പരിശുദ്ധി പകരേണ്ട ഭൗതികതലങ്ങളിൽ കറയും കളങ്കവും പ്രവഹിച്ചു. എന്റെ ഉള്ളിൽ മൗനനൊമ്പരം വിതുമ്പി. നന്മനിറഞ്ഞ ഒരു നാടിന്റെ സൗഖ്യം, ഒരിക്കലും മടങ്ങിവരാത്ത ചരിത്രം, ഇരുളിൽ മുങ്ങുമെന്നു തോന്നി. അന്തരംഗത്തിൽ ഇടിമുഴക്കം. സത്യത്തിന് ഒരു മുഖം മാത്രം. അതു ലോകത്ത് തെളിയണം. കണ്ടതും കേട്ടതും അനുഭവിച്ചതും എന്തെന്ന് നിഷ്പക്ഷതയോടെ പറയണം. വാസ്തവം ഹൃദയങ്ങളെ ഞെട്ടിക്കും. അപൂർവ്വധാരണകളെ മുറിപ്പെടുത്തും. എന്നാൽ, നീതിബോധം ആശ്വസിക്കും. മിത്തും യാഥാർത്ഥ്യവും നില്ക്കുന്നത് എവിടെയെന്നു മനുഷ്യലോകം മനസ്സിലാക്കും. തുന്നിക്കുറിച്ച സത്യാനുഭവങ്ങൾ, കെടാവെളിച്ചം വീശുന്ന രേഖകൾ, നിരത്തിവച്ചാൽ ഒരു വിപ്ലവചരിത്രം തെളിഞ്ഞുവരും. അതിനു ഗഹനമായ ഗവേഷണവും പരുഷമായ പരീക്ഷണവും ആവശ്യമില്ല. സത്യം, കുഴിച്ചിട്ടാലും കാലത്തിന്റെ ചാലകശക്തിയാൽ കിളിർക്കും! യുക്തിഭദ്രമായ വിശകലനങ്ങളിലൂടെ, ഉണർവ്വോടെ, എന്റെ ചിന്തകൾ സഞ്ചരിച്ചു.

ആത്മീയതയും സാമൂഹിക പരിവർത്തനവും സംഗമിക്കുന്ന പൊതുജീവിതത്തിൽ, സമഭാവന നല്കുന്ന സംസ്കാരം ഉണ്ടാകുന്നതിന് തടസ്സമാകുന്നത് എന്തെന്ന് അന്വേഷിച്ചു. വിഭാഗീയതയെന്നു കണ്ടെത്തി. ജനസമൂഹം സങ്കരമാണ്. അതിൽ കളവും കലർപ്പുമുണ്ട്. ആത്മീയതയ്ക്ക് ഒറ്റപ്പെട്ടു നില്ക്കാനാവുമോ? ഒരാൾക്ക് മാത്രം പറയാൻ കഴിയുന്ന ചരിത്രസാക്ഷ്യം ഉപേക്ഷിക്കരുതെന്ന് ഉള്ളം പറഞ്ഞു. എന്നിട്ടും, വിരസത. പിന്മാറണമെന്ന വിചാരം. പക്ഷേ, നേര് മറഞ്ഞുനില്ക്കുന്നു. ഉത്തരവാദിത്വത്തിൽനിന്നും ഓടിപ്പോയാൽ നീതീകരണത്തിന്റെ നേരം നഷ്ടപ്പെടും. എനിക്കുമാത്രം അറിയാവുന്നത്, മറ്റാർക്കും പറയാൻ കഴിയാത്തത്, രേഖപ്പെടുത്തിയില്ലെങ്കിൽ അരനൂറ്റാണ്ടിന്റെ വിസ്മയചരിത്രം നഷ്ടമാകും. അവിശ്വസ്തത ജയിക്കും. അതിനാൽ, പ്രകാശത്തിന്റെ ആയുധങ്ങൾ എടുക്കണം. പൊയ്മുഖങ്ങളെ പൊളിച്ചുകളയണം. ചരിത്രം സത്യമാകണം.

അനുഭവവചനം വാസ്തവമെന്നു തെളിയിക്കുന്ന അടിസ്ഥാന ശിലകളും, നിയമരേഖകളും, പ്രസിദ്ധീകരണങ്ങളും, സംഭവങ്ങളെ സാധൂകരിക്കുന്ന സ്വന്തം ചിത്രങ്ങളും, വിവരങ്ങൾ വിശദീകരിക്കുന്ന ആണ്ടു, മാസം തീയതികളും സ്വരൂപിച്ചു. സത്യം പറയുക എന്ന ഏക ഉദ്ദേശത്തോടെ നിഷ്പക്ഷതയിൽ ഉറച്ചുനിന്നു. സകല ജാതിമതസ്ഥരും സഹോദരങ്ങളാണെന്ന വിശ്വാ

സത്തോടെ, മതരാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ സ്നേഹത്തിന്റെ അനുഗ്രഹം നിർഗ്ഗളിക്കണമെന്ന ഉദ്ദേശത്തോടെ, ഈ പുസ്തകത്തിന്റെ ആവിഷ്കാരത്തിലേക്ക് ഞാൻ പ്രവേശിച്ചു. പരിസ്ഥിതിയെ അടുത്തറിയാൻ സഹായിക്കുന്ന കുറിപ്പുകൾക്കു വേണ്ടി ദീർഘകാലം സഞ്ചരിച്ചു. വിസ്മൃതിയിൽ മറഞ്ഞുകിടന്ന സംഭവങ്ങളടെ ചിത്രത്താളുകൾ തിരഞ്ഞെടുത്തു. പിന്നിട്ട ഓരോ ചരിത്രഘട്ടങ്ങളെയും ചേർത്തുവച്ചു. പുസ്തകത്തിന്റെ ആന്തരികഘടനയെ ശക്തിപ്പെടുത്തുന്ന, വന്നുപോയ വിചാരലോകത്തിന്റെ വാസ്തവസംഭവങ്ങളെ തിരഞ്ഞെടുത്തു. നേർ സാക്ഷ്യം നിരത്തുന്ന പ്രയത്നം നാല് വർഷം പിന്നിട്ടു. ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള കാലോചിതമായ ചിത്രങ്ങൾ തയ്യാറാക്കിയത് എന്റെ മകൾ 'ലിൻഡ'യും, കവർ ഡിസൈൻ ചെയ്തത് മകൾ ലിൻസിയും കൈയെഴുത്തും പ്രൂഫും പരിശോധിച്ചത് എന്റെ ഭാര്യയുമാണ്. ഇതിന്റെ ഉള്ളടക്കം അനുഭവമാകയാൽ അഭ്യുദയകാംക്ഷികളുടെ അഭിപ്രായങ്ങൾ ചേർത്തില്ല.

ആരെയും ഒരുതരത്തിലും അപവദിക്കുന്നതിനോ അവമതിക്കുന്നതിനോ വേണ്ടി ഈ പുസ്തകം എഴുതിയിട്ടുള്ളതല്ല. സകലരേയും ആത്മീയസഹോദരങ്ങളായി കണ്ട് നിഷ്പക്ഷതയിൽ നിന്നു കൊണ്ട് സദുദ്ദേശങ്ങളോടുകൂടി അനുഭവങ്ങളെ അനുസ്മരിച്ചു.

ഇപ്രകാരം ഒരു അനുഭവസാക്ഷ്യം തയ്യാറാക്കുന്നതിന് പ്രചോദനം നല്കി സഹായിച്ച എല്ലാ സുഹൃത്തുക്കൾക്കും നന്ദി! ഈ ഗ്രന്ഥത്തിന്റെ അച്ചടി നിർവ്വഹിച്ച റീമ പബ്ലിഷേഴ്സിനോടും, അന്തർദ്ദേശീയ പ്രാസംഗികനും അനവധി പുസ്തകങ്ങളുടെ രചയിതാവും വേദപണ്ഡിതനുമായ റവ. സി.പി. മോനായിയോടും എനിക്കുള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

മാനവപുരോഗതിയുടെ ചരിത്രഘട്ടങ്ങളിൽ നഷ്ടപ്പെട്ട നിരപ്പും സമാധാനവും സാഹോദര്യവും പുനസ്ഥാപിക്കുന്നതിന്, അനുഭവതീരങ്ങളിലെ കാഴ്ചകളും ശബ്ദങ്ങളും ജനഹൃദയങ്ങളിൽ ആഴ്ന്നിറങ്ങുമെന്ന ശുഭാപ്തിവിശ്വാസത്തോടെ, ദൈവകൃപയുടെ കരങ്ങളിൽ ഈ പുസ്തകം സമർപ്പിക്കുന്നു.

**ജോൺ വേറ്റം**

ന്യൂയോർക്ക്,

സ്റ്റാറ്റൻ ഐലൻഡ്